"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് പിലാശ്ശേരി AUP സ്കൂൾ മാനേജർ ശ്രീമതി എം.സി ബീന ബഹു:ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)39061/2024 ലെ 06/11/2024 ലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3624/2025/GEDN തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:-
1. കോഴിക്കോട് പിലാശ്ശേരി AUP സ്കൂൾ മാനേജർ ശ്രീമതി എം.സി ബീന സമർപ്പിച്ച 28/10/2024 ലെ റിവിഷൻ ഹർജി
2. കോഴിക്കോട് പിലാശ്ശേരി AUP സ്കൂൾ മാനേജർ ശ്രീമതി എം.സി ബീന ബഹു:ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)39061/2024 ലെ 06/11/2024 ലെ വിധിന്യായം
3. കോഴിക്കോട് പിലാശ്ശേരി AUP സ്കൂൾ മാനേജർ ശ്രീമതി എം.സി ബീന സമർപ്പിച്ച 17/12/2024,24/12/2024 എന്നീ തീയതികളിലെ ഹിയറിംഗ് കുറിപ്പുകൾ
4. ശ്രീ ഷാനവാസ് പി.ബി സമർപ്പിച്ച 18/12/2024 ലെ ഹിയറിംഗ് കുറിപ്പുകൾ
5. കുന്നമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/12/2024 ലെ AEOKMG/1645/2023-C നമ്പർ കത്ത്
6. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/12/2024 ലെ ഡി.ഇ.ഒ/എ 1/630/2024 നമ്പർ കത്ത്
7. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 21/12/2024 ലെ ഡി.ജി.ഇ/20125/2024-വി.ബി 3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് പിലാശ്ശേരി AUP സ്കൂൾ മാനേജർ ശ്രീമതി എം.സി

ബീന ബഹു:ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)39061/2024 ലെ പരാമർശം (2) വിധിന്യായം പ്രകാരം ടിയാൾ സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം (1) റിവിഷൻ പെറ്റീഷൻ ടിയാളെയും അഞ്ചാം എതിർ കക്ഷിയായ പിലാശ്ശേരി AUP സ്കൂൾ യു.പി.എസ്.ടി (സസ്പെൻഷനിൽ) ശ്രീ ഷാനവാസ് പി.ബിയെയും നേരിൽ കേട്ട് തീർപ്പാക്കുന്നതിന് ഉത്തരവായിരുന്നു.

2. പിലാശ്ശേരി AUP സ്കൂളിലെ യു.പി.എസ്.റ്റി ശ്രീ. ഷാനവാസ് പി.ബി. ക്കെതിരെ കേരള വിദ്യാഭ്യാസ നിയമം 14 എ അധ്യായത്തിലെ 65 (5) (vi) ചട്ട പ്രകാരമുള്ള ' ഭാവി ജോലിക്ക് അയോഗ്യതയില്ലാത്ത തരത്തിൽ സേവനത്തിൽ നിന്ന് നീക്കം ചെയ്യുക' എന്ന ശിക്ഷ നടപ്പാക്കാനുള്ള നിർദ്ദേശത്തിന് ചട്ടം 74 പ്രകാരമുള്ള മുൻകൂർ അനുമതി നിഷേധിച്ചു കൊണ്ടും അച്ചടക്ക നടപടി പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ അദ്ദേഹത്തെ സസ്പെൻഷൻ റദ്ദാക്കി സേവനത്തിൽ തിരികെ പ്രവേശിപ്പിക്കാൻ നിർദ്ദേശിച്ചു കൊണ്ടും താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്ത് ശ്രീ. ഷാനവാസിനെതിരെ തെളിയിക്കപ്പെട്ട കുറ്റകൃത്യങ്ങളുടെ ഗൗരവം പരിഗണിച്ച് 'ഭാവി ജോലിക്ക് അയോഗ്യതയില്ലാത്ത തരത്തിൽ സേവന ത്തിൽ നിന്ന് നീക്കം ചെയ്യുക' എന്ന ശിക്ഷ നടപ്പാക്കാൻ അനുമതി നൽകണമെന്നും സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുന്നത് വരെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിലെ ശ്രീ. ഷാനവാസ്, പി.ബി. യുടെ സസ്പെൻഷൻ റദ്ദാക്കി സേവനത്തിൽ തിരികെ പ്രവേശിപ്പിക്കണമെന്ന നിർദ്ദേശം താൽക്കാലികമായി സ്റ്റേ ചെയ്യണമെന്നുമാണ് പരാമർശം (1) റിവിഷൻ ഹർജിയിൽ ആവശ്യപ്പെട്ടിക്കുന്നത്. ചുമതലപ്പെടുത്തിയതിൻ പ്രകാരം പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ് അണ്ടർ സെക്രട്ടറി 21/12/2024-ന് നേരിൽ (ഓൺലൈനായി)കേൾക്കുകയുണ്ടായി.

3. മാനേജറുടെ വാദങ്ങൾ

- 06-10-2023 മുതൽ സസ്പെൻഷനിലായിരുന്ന അദ്ധ്യാപകന്റെ സസ്പെൻഷൻ കാലം 6 മാസത്തിലധികം കാലത്തേക്ക് ദീർഘിപ്പിക്കാൻ 12-03-2024 ന് വിശദമായ അപേക്ഷ അനുബന്ധ രേഖകളോടെ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചിരുന്നെങ്കിലും യാതൊരു തുടർ നടപടിയും ഉണ്ടായില്ല.
- അദ്ധ്യാപകനെ സസ്പെൻഷൻ റദ്ദാക്കി തിരികെ ജോലിയിൽ പ്രവേശിപ്പിക്കാനുള്ള ഉപഡയറക്ടറുടെ ഉത്തരവ് ബഹു.

ഹൈക്കോടതി സ്റ്റേ ചെയ്ത നിലക്ക് സസ്പെൻഷൻ കാലം ദീർഘിപ്പിക്കാനുള്ള അനുമതിക്കായി **27-03-2024** ന് വീണ്ടും അപേക്ഷിക്കുകയുണ്ടായെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ല.

- **08-05-2024** ന് ഇതേ ആവശ്യത്തിന് വീണ്ടും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകി. എന്നാൽ വിഷയം കോടതിയുടെ പരിഗണനയിൽ ആയതിനാൽ യാതൊരു നടപടിയും സ്വീകാര്യമല്ല എന്ന് **21-05-2024** ന് മറുപടി ലഭിച്ചു.
- സ്റ്റേ **2** മാസത്തേക്ക് കൂടി ദീർഘിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത ഉത്തര വിന്റെ പകർപ്പ് സഹിതം **04-06-2024** ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് വീണ്ടും അപേക്ഷ സമർപ്പിച്ചു. ഇതിന് മറുപടിയായി ബഹു. ഹൈക്കോടതിയിൽ നിന്നുള്ള തുടർ ഉത്തരവുകൾ അനുസരിച്ച് മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയൂ എന്ന് **19-06-2024** ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മറുപടി നൽകി.
- ശ്രീ. ഷാനവാസ്. പി.ബി. യുടെ പേരിലുള്ള അച്ചടക്ക നടപടിയുടെ വിഷയത്തിൽ ഇടപെട്ട് അദ്ദേഹത്തെ സസ്പെൻഷൻ റദ്ദാക്കി തിരികെ ചേർക്കാൻ നിർദ്ദേശിക്കുകയും അതോടൊപ്പം ശിക്ഷാവിധിയെ പറ്റി അനവസരത്തിൽ പരാമർശം നടത്തുകയും ചെയ്ത കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി തികച്ചും തെറ്റാണെന്ന് ബോധ്യപ്പെട്ടുകൊണ്ടാണ് ഡബ്ല്യൂ പി (സി) നമ്പർ **12563/2024** നമ്പർ കേസിലെ **17-07-2024**-ലെ വിധി പ്രകാരം പ്രസ്തുത തീരുമാനം ബഹു. ഹൈക്കോടതി റദ്ദ് ചെയ്തത്
- ഇപ്പോൾ ശ്രീ. ഷാനവാസ്. പി.ബി. ക്കെതിരെ നിർദ്ദേശിച്ച ശിക്ഷ വിഷയത്തിൽ **26-10-2024** ലെ എ**1/630/2024/** ഡി.ഇ.ഒ. നമ്പർ ഉത്തരവിൽ അധ്യാപകനെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങൾ തെളിഞ്ഞ വസ്തുതക്കെതിരെ യാതൊരു എതിരഭിപ്രായവും പുറപ്പെടുവിക്കാതെ ആവശ്യപ്പെട്ട വിവരങ്ങൾ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഹാജരാക്കിയില്ല എന്ന കാരണം ചൂണ്ടിക്കാട്ടിയാണ് മുൻകൂർ അനുമതി നിഷേധിച്ചതും അച്ചടക്ക നടപടി പൂർത്തീകരിക്കാതെ തന്നെ അധ്യാപകനെ തിരികെ ജോലിയിൽ ചേർക്കാൻ ഉത്തരവ് നൽകിയതും. സമാന വിഷയത്തിൽ ബഹു. ഹൈക്കോടതി ഇത്തരം നിലപാട് നീതിയുക്തമല്ലെന്നുള്ള വ്യക്തമായ നിർദ്ദേശം കെ എൽ ടി **908** പ്രകാരം റിപ്പോർട്ട് ചെയ്ത വിധിയിൽ പുറപ്പെടുവിച്ചിട്ടുണ്ട്.
- **2020** മുതൽ പല ഘട്ടങ്ങളിലും തുടർച്ചയായി തൻ്റെ

തൊഴിലിനോട് യാതൊരു നീതിയും പുലർത്താത്ത തരത്തിൽ അധ്യയനം നടത്തുന്നതിൽ വീഴ്ച വരുത്തുകയും വിദ്യാർത്ഥികളെ അതിക്രൂരമായി മർദ്ദിക്കുന്ന ക്രിമിനൽ സ്വഭാവം കാണിക്കുകയും ആധുനിക ബോധന രീതിയിലെ അവിഭാജ്യ ഘടകമായ രക്ഷിതാക്കളോട് മോശമായി പെരുമാറുകയും ആക്രോശിക്കുകയും ചെയ്യുന്ന ശ്രീ. ഷാനവാസ്. പി.ബി. ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നടത്തുകയും അതു വഴി കേരള വിദ്യാഭ്യാസ നിയമം **XIII** -ാം അധ്യായം **(vi)** ചട്ട പ്രകാരം ഒരു അധ്യാപകനായി തുടരാനുള്ള അർഹത തന്നെ സ്വയം നഷ്ടപ്പെടുത്തിയിരിക്കയുമാണ്.

- ശ്രീ. ഷാനവാസ്. പി.ബി. ക്കെതിരെ അദ്ദേഹം പഠിപ്പിക്കുന്ന ക്ലാസുകളിലെ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ ഒന്നടങ്കമാണ് പരാതി ഉന്നയിച്ചിരുന്നത്. അധ്യാപകനെ സേവനത്തിൽ നിന്ന് സസ്പെൻ്റ് ചെയ്ത് നിർത്തി അച്ചടക്ക നടപടി ആരംഭിച്ചതുകൊണ്ട് മാത്രമാണ് രക്ഷകർത്താക്കളുടെ ഭാഗത്തു നിന്ന് പിന്നീട് എതിർപ്പുകൾ കുറഞ്ഞത്. എന്നിരുന്നാലും ഈ അധ്യാപകന്റെ തെറ്റായ നിലപാടുകൾ മൂലം **2023-24** വർഷം **323** വിദ്യാർത്ഥികൾ പഠിച്ചിരുന്ന ഈ സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം **2024-25** വർഷം **288** ആയി കുറഞ്ഞിട്ടുണ്ട്. ഇതു പ്രകാരം അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണത്തിലും കുറവ് വന്നിട്ടുണ്ട്. ഈ അധ്യാപകൻ സ്കൂളിൽ തിരികെ ചേരുന്ന അവസ്ഥ ഉണ്ടാവുകയാണെങ്കിൽ അത് രക്ഷിതാക്കളുടെ തുടർ പ്രക്ഷോഭങ്ങൾക്കും വിദ്യാർത്ഥികളുടെ കൂട്ട കൊഴിഞ്ഞുപോക്കിനും ഇടയാക്കും. ഇപ്രകാരം സംഭവിക്കുകയാണെങ്കിൽ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന ഈ ഗ്രാമപ്രദേശത്തെ ഈ വിദ്യാഭ്യാസ സ്ഥാപനത്തിൻ്റെ സർവ്വ നാശത്തിന് ഇടയാക്കും.
- കേരള വിദ്യാഭ്യാസ നിയമത്തിലേയും മാന്വൽ ഓഫ് ഡിസിപ്ലനറി പ്രൊസീഡിംഗ്സിലേയും അനുബന്ധ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് മാത്രമാണ് അധ്യാപകനെതിരെ അച്ചടക്ക നടപടി കൈക്കൊണ്ടിട്ടുള്ളത്. അച്ചടക്ക നടപടിയുടെ ആദ്യ ഘട്ടത്തിൽ പ്രാഥമിക അന്വേഷണം നടത്തിയ വേളയിൽ സസ്പെൻഷന് ആധാരമായി ഉന്നയിച്ച വിഷയങ്ങൾ വസ്തുതാ പരമാണെന്ന് ബോധ്യപ്പെട്ടാണ് പ്രസ്തുത നടപടി അംഗീകരിച്ച് സസ്പെൻഷൻ ദീർഘിപ്പിക്കാൻ അനുമതി നൽകിയിരുന്നത്. എല്ലാ നടപടിക്രമങ്ങളും പാലിച്ച് നടത്തിയ വിശദാന്വേഷണ വേളയിൽ ആരോപിക്കപ്പെട്ട

എല്ലാ കുറ്റങ്ങളും തെളിഞ്ഞതായി കാര്യ കാരണ സഹിതം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നതാണ്.

- വിശദാന്വേഷണ റിപ്പോർട്ടിൽ കുറ്റക്കാരനാണെന്ന് തെളിഞ്ഞ അധ്യാപകനെ രക്ഷപ്പെടുത്തുക എന്ന ഏക ഉദ്ദേശത്തോടെയാണ് ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിനെതിരെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സാങ്കേതിക ന്യൂനത ചൂണ്ടിക്കാട്ടി മുൻകൂർ അനുമതി നിഷേധിച്ചത്. തൻ്റെ കീഴുദ്യോഗസ്ഥനായ ഉപജില്ല വിദ്യാഭ്യാസ ഓഫീസറിൽ നിന്ന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കാനുള്ള അവസരവും അവകാശവും ഉണ്ടായിരുന്നിട്ടും അപ്രകാരം പ്രവർത്തിക്കാതെ പ്രസ്തുത കാരണം പറഞ്ഞ് എൻ്റെ അപേക്ഷ നിരസിച്ച നടപടി നീതീകരിക്കാവുന്നതല്ല.
- വിദ്യാഭ്യാസ ഉപഡയറകടറുടെ **13-03-2024** ന് പുറപ്പെടുവിച്ച ഉത്തരവും താമരശ്ശേരി ജില്ല വിദ്യാഭ്യാസ ഓഫീസർ **26-10-2024** ന് പുറപ്പെടുവിച്ച ഉത്തരവും നിയമപരമല്ലെന്ന് കണ്ടെത്തിയാണ് ബഹു. ഹൈക്കോടതി അത് റദ്ദ് ചെയ്തത്. കൃത്യമായി ശമ്പളം കൈപ്പറ്റുകയും തന്നിൽ അർപ്പിതമായ അധ്യയന ചുമതല ഒട്ടും നിറവേറ്റാതിരിക്കുകയും ചെയ്യുന്നതു വഴി ശമ്പളം നൽകുന്ന സർക്കാരിനെയും അധ്യയനത്തിൻ്റെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളെയും അതുവഴി പൊതു സമൂഹത്തെ ഒട്ടാകെയും വഞ്ചിക്കുന്ന അതീവ ഗുരുതരമായ നടപടിയാണ് അധ്യാപകനിൽ നിന്ന് ഉണ്ടാവുന്നത്. ഈ നടപടി കോവിഡ് കാലം മുതൽ ആവർത്തിച്ചു വരുന്നതാണ്. കൂടാതെ സർക്കാരും ബഹു. കോടതികളും പല തവണ ആവർത്തിച്ച് വിലക്കിയിട്ടും വിദ്യാർത്ഥികളെ മോതിരം, റൂളർ മുതലായവ കൊണ്ട് മർദ്ദിക്കുന്ന നിലപാടും അധ്യാപകൻ സ്വീകരിച്ചു വരുന്നു. അതോടൊപ്പം രക്ഷിതാക്കളോട് മോശമായി പെരുമാറുക, പി.ടി.എ യോഗങ്ങളിൽ അവരോട് ആക്രോശിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുക എന്ന ശ്രീ. ഷാനവാസിന്റെ ആവർത്തിച്ചിള്ള പ്രവർത്തികളും ഒരു അധ്യാപകന് ഒരിക്കലും ചേരാത്തതാണ്.
- ഏത് സാഹചര്യത്തിലും ശ്രീ. ഷാനവാസ്. പി. ബി. സ്കൂളിൽ ജോലിയിൽ തിരികെ ചേരുന്നത് രക്ഷാകർത്താക്കളിൽ നിന്ന് കൂട്ട എതിർപ്പിന് ഇടയാക്കുമെന്നതിനാൽ സ്കൂളിൻ്റെ നല്ല ഭാവിയെ കരുതി അദ്ദേഹം സ്കൂളിൽ തിരികെ ചേരാത്ത തരത്തിലുള്ള ശിക്ഷ അദ്ദേഹത്തിന് നൽകേണ്ടത് അനിവാര്യമാണെന്ന് ബോധിപ്പിക്കുന്നു.

- ആയതിനാൽ മേൽ വസ്തുതകളുടെ വെളിച്ചത്തിൽ എൻ്റെ റിവിഷൻ ഹരജി അനുവദിച്ച് സസ്പെൻഷനിലുള്ള യു.പി.എസ്.ടി ശ്രീ പി.ബി. ഷാനവാസിനെതിരെ അദ്ദേഹത്തിന്റെ പേരിൽ തെളിയിക്കപ്പെട്ട കുറ്റകൃത്യങ്ങളുടെ ഗൗരവം പരിഗണിച്ച് 'ഭാവി ജോലിക്ക് അയോഗ്യതയില്ലാത്ത തരത്തിൽ സേവനത്തിൽ നിന്ന് നീക്കം ചെയ്യുക' എന്ന കേരള വിദ്യാഭ്യാസ നിയമം XIV A അധ്യായത്തിലെ 65 (vi) -ാം ചട്ട പ്രകാരമുള്ള ശിക്ഷ നടപ്പക്കാനുള്ള ചട്ടം 74 പ്രകാരമുള്ള മുൻകൂർ അനുമതി കഴിയുംവേഗം ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

4. ശ്രീ. ഷാനവാസിന്റെ വാദം

i) 2023-24 വർഷം മാനേജർ ചില അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ആരോപിച്ചുകൊണ്ട് 06/10/2023ലെ D.A.No.01/2023 ഉത്തരവു പ്രകാരം എന്നെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും വിവരം കുന്ദമംഗലം എ.ഇ.ഒ.ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തു എന്നാൽ കുന്ദമംഗലം എ.ഇ.ഒ. ഇക്കാര്യത്തിൽ നിയമം നിഷ്കർഷിക്കുന്ന വിധം 15 ദിവസത്തിനകം സ്കൂളിലെത്തി പ്രാഥമികാന്വേഷണം (Preliminary Enquiry) നടത്തുകയുണ്ടായില്ല.

ii) കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം XIV Aയിലെ Rule-67(8) പ്രകാരം നിഷ്കർഷിച്ചിട്ടുള്ളവിധം നിയമപ്രകാരമുള്ള പ്രാഥമികാന്വേഷണം സ്കൂളിൽ വന്ന് പ്രാഥമിക തെളിവെടുപ്പ് നടത്തി സസ്പെൻഷന് ആധാരമായ കാരണങ്ങളുണ്ടോയെന്ന് പരിശോധിക്കുന്നതിന് പകരം കുന്ദമംഗലം. എ.ഇ.ഒ. 11/10/2023ലെ AEOKMG/1645/23-C നോട്ടീസ് പ്രകാരം 13/10/2023ന് എ.ഇ.ഒ. ആഫീസിൽവെച്ച് ഹിയറിങ്ങ് നടത്തുകയാണ് ഉണ്ടായത്. അതിൽ മുൻകൂട്ടി നോട്ടീസ് നൽകിയവരും. മാനേജർ ഹാജരാക്കിയവരുമായ ആളുകൾ മാത്രമാണ് പങ്കെടുത്തത്. ഒരു ന്യൂട്രൽ random sampling വഴി കുട്ടികളെയും അധ്യാപകരേയും ആകസ്മികമായി സെലക്റ്റ് ചെയ്തത് സത്യാവസ്ഥ കണ്ടെത്താനായി ശ്രമിക്കുന്നതിന് പകരം എ.ഇ.ഒ. മുൻകൂട്ടി നോട്ടീസ് നൽകിയ മാനേജരുടെ ആളുകളെ കേട്ട് അവരുടെ cooked up സ്റ്റേറ്റ്മെൻറ്കൾ അടിസ്ഥാനമാക്കി എന്റെ സസ്പെൻഷൻ 15 ദിവസത്തിൽ കൂടുതലുള്ള കാലത്തേക്ക് ദീർഘിപ്പിക്കാൻ കുന്ദമംഗലം എ.ഇ.ഒ. ഉത്തരവ് നൽകി.

iii) നിയമം നിഷ്കർഷിക്കുന്ന വിധം പ്രാഥമികാന്വേഷണം നടത്താതെ സസ്പെൻഷന് ആവശ്യമായ കാരണങ്ങളുണ്ടോ ഇല്ലയോ എന്ന് ഒരു

അന്വേഷണ ഉദ്യോഗസ്ഥന് മുൻകൂട്ടി നോട്ടീസ് നൽകി നിശ്ചിത ആളുകളെ കേട്ട് മാനേജരുടെ ആളുകൾ നൽകുന്ന സ്റ്റേറ്റ്മെൻറ് അടിസ്ഥാനമാക്കി തീരുമാനിക്കാനാവില്ല. എ.ഇ.ഒ. ഹിയറിങ്ങിന് നോട്ടീസ് നൽകിയത് വ്യാജ പരാതി അയച്ച മാനേജരുടെ ആളുകൾക്കും മാനേജർക്കും മാത്രമാണ് എന്നതിനാൽ മുൻകൂട്ടി ആസൂത്രണം ചെയ്ത് തീരുമാനമെടുത്ത് നിശ്ചയിച്ച് ഹിയറിങ്ങിന് ഹാജരാവാനും **cooked up** സ്റ്റേറ്റ്മെൻറ് തയ്യാറാക്കി നൽകാനും അവർക്ക് അവസരം ലഭിച്ചു.

**iv)** ആയതിനാൽ നിയമം നിഷ്കർഷിക്കുന്ന **free and fair** ആയ പ്രാഥമികാന്വേഷണം അച്ചടക്ക നടപടിയിൽ നടന്നില്ല. തന്റെ ആഫീസിൽ വെച്ച് ഹിയറിംഗ് നടത്തിയ കുന്ദമംഗലം എ.ഇ.ഒ നടപടിക്രമങ്ങളിൽ ആദ്യ നടപടി തന്നെ വ്യതിച്ചലിച്ച് **(violation of procedure)** നീതി നിഷേധിച്ചു. പ്രാഥമിക അന്വേഷണം എന്നാൽ ഒരു ആരോപണത്തിലെ തെളിവെടുപ്പാണ്.

**v)** എനിക്കെതിരായ അച്ചടക്ക നടപടി തുടർന്ന മാനേജർ **07/11/2023**ലെ **D.A.No.01/2023** പ്രകാരം താഴെക്കാണിച്ച **3** കുറ്റങ്ങൾ കാണിച്ച് എനിക്ക് ചാർജ് ഷീറ്റ് നൽകി.

- **1.**ശ്രീ.ഷാനവാസ്.പി.ബി. ഈ സ്കൂളിൽ യു.പി.എസ്.ടി. ആയി ജോലി ചെയ്തുവരവേ, തൻറെ ഔദ്യോഗിക ചുമതലകൾ കൃത്യമായി നിറവേറ്റാതിരിക്കുകയും പാഠഭാഗങ്ങൾ യഥാവിധി കൈകാര്യം ചെയ്യാതിരിക്കുകയും ചെയ്തത് വഴി തന്റെ അടിസ്ഥാന ചുമതലയിൽ തുടർച്ചയായി ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു.

  **2.** ശ്രീ.ഷാനവാസ്.പി.ബി. ക്ലാസ്സിലെ വിദ്യാർത്ഥികളോട് അതിക്രൂരമായി പെരുമാറുകയും കയ്യിലെ മോതിരം ഉപയോഗിച്ചും, റൂളർ കൊണ്ടും അവരെ മർദ്ദിക്കുകയും ചെയ്തിട്ടുണ്ട്.

  **3.** ശ്രീ.ഷാനവാസ്.പി.ബി. **27/09/2023**ന് നടന്ന പി.ടി.എ. യോഗത്തിൽ ഈ വിഷയം ചർച്ചക്ക് വന്ന വേളയിൽ ഒരധ്യാപകന് ഒട്ടും നിരക്കാത്ത തരത്തിൽ പെരുമാറുകയും വിദ്യാർത്ഥികളെ ടി.സി. വാങ്ങി കൊണ്ടു പോയ്ക്കോള്ളണമെന്നും **2** വർഷത്തിനകം അദ്ദേഹത്തിൻറെ പ്രയത്നം കൊണ്ട് തന്നെ സ്കൂൾ അടച്ചുപൂട്ടുമെന്നും ഒരു നിലക്കും താൻ കൃത്യമായി ജോലി ചെയ്യുമെന്ന് പ്രതീക്ഷ വേണ്ടെന്നും രക്ഷിതാക്കളോട് ആക്രോശിക്കുകയുണ്ടായി.

  **vi)** കുറ്റാരോപണ പത്രികയിലും കുറ്റപത്രത്തിലും ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല. അവയൊക്കെ

മുൻപ് തന്നെ അന്വേഷിച്ച് അടിസ്ഥാന രഹിതമാണെന്ന് ബോദ്ധ്യപ്പെട്ടവയാണ്. ആദ്യ പരാതികൾ ഫലവത്താവാഞ്ഞതിനാൽ വീണ്ടും അതേ ആരോപണങ്ങൾ തന്നെ ഉന്നയിക്കുന്നത് ഖേദകരമായ സ്ഥിതിവിശേഷമാണ്. സ്കൂളിലെ എന്റെ ചുമതലകൾ ഞാൻ നിർവഹിക്കുന്നില്ലെന്ന ആരോപണത്തിൽ ഒരു കഴമ്പുമില്ല. സ്കൂളിലെ അക്കാദമിക തലവനായ പ്രധാനാധ്യാപകൻ ഒരിക്കൽപോലും എന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ച ഉണ്ടായെന്ന് ചൂണ്ടിക്കാട്ടി എനിക്ക് മെമ്മോ നൽകിയിട്ടില്ലെന്നും, ഞാൻ പാഠഭാഗങ്ങൾ പഠിപ്പിക്കുകയും കവിതകളുടെ അർത്ഥഭംഗി വരുന്ന രീതിയിലുള്ള മനോഹരമായ ആലാപന ശൈലികൾ പരിചയപ്പെടുത്താനായി ഉപയോഗിക്കാറുണ്ടെന്നും, ഡിജിറ്റൽ ഗാഡ്ജറ്റുകൾ ഒരു ടൂളായി ഉപയോഗിക്കാറുണ്ടെന്നും കുട്ടികൾക്കത് വളരെ രസകരമായ അനുഭവമാണെന്നും, ഒരു രക്ഷിതാവിന്റെ പരാതിയിൽ ഈ നവീന രീതിയാണ് എൻറെ ബോധന രീതിയിലെ അപാകതയായി പറഞ്ഞതെന്നും, ഞാൻ ഒരിക്കൽ പോലും കുട്ടികളെ മോതിരം കൊണ്ടോ റൂളർ കൊണ്ടൊ അടിക്കുകയോ വേദനിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും, ഞാൻ ക്ലാസ്സിൽ വടി, റൂളർ എന്നിവയൊന്നും കൊണ്ടുപോകാറില്ലെന്നും, രക്ഷിതാക്കളോട് മോശമായി പെരുമാറിയിട്ടില്ലെന്നും, പി.ടി.എ. യോഗത്തിൽ എന്റെ ഭാഗം വികാരധീനനായി വിശദീകരിക്കുക മാത്രമാണ് ഉണ്ടായതെന്നും ഞാൻ എനിക്ക് നൽകിയ കുറ്റപത്രത്തിന് മറുപടിയായി 18/11/2023-ന് മാനേജർ മുൻപാകെ വിശദീകരണം സമർപ്പിച്ചിട്ടുണ്ട്.

vii) എന്നാൽ മാനേജർ എന്റെ വിശദീകരണ മറുപടിയിലെ സത്യാവസ്ഥ പരിഗണിച്ച് അച്ചടക്ക നടപടി അവസാനിപ്പിക്കാതെ 27/11/2023ലെ D.A.No.01/2023 നടപടികൾ പ്രകാരം Rule-75 പ്രകാരമുള്ള വിശദാന്വേഷണം നടത്തി റിപ്പോർട്ട് നൽകാനായി അതേ കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ആഫീസറോട് അപേക്ഷിച്ചു. തുടർന്ന് കുന്ദമംഗലം എ.ഇ.ഒ. 04/12/2023ലെ നോട്ടീസ് പ്രകാരം എനിക്ക് ആവശ്യമായ സമയം നൽകാതെ 13/12/2023-ന് ഫോർമൽ എൻക്വയറി നടത്താനായി നോട്ടീസ് നൽകിയിരുന്നെങ്കിലും അസുഖബാധിതനായ എനിക്ക് എൻക്വയറിക്ക് ഹാജരാവാനായില്ല. പിന്നീട് 10/01/2024ന് കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ചേംബറിൽ വെച്ച് വിശദാന്വേഷണം എന്ന പേരിൽ വീണ്ടും മറ്റൊരു ഹിയറിങ്ങ് നടത്തുകയുണ്ടായി. ഈ സമയത്ത്

നോട്ടീസ് ലഭിച്ച ഞാൻ ഹാജരായി യഥാർത്ഥ വസ്തുതകൾ ബോധിപ്പിച്ചിരുന്നു.

**viii)** കുന്ദമംഗലം എ.ഇ.ഒ.യുടെ **06/02/2024**ലെ **AEOKMG/1645/2023-C** പ്രകാരം അന്വേഷണ റിപ്പോർട്ട് മാനേജർക്ക് നൽകുകയും ചെയ്തു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ എനിക്കെതിരായ **3** ചാർജുകൾ സംബന്ധിച്ച് മാനേജർ എനിക്കെതിരായി ചാർജ് ഷീറ്റ് നൽകിയ ഒന്നാമത്തെ കുറ്റം തെളിഞ്ഞതായോ ഭാഗികമായി തെളിഞ്ഞതായോ അല്ലെങ്കിൽ തെളിഞ്ഞിട്ടില്ലെന്നോ രേഖപ്പെടുത്തിയിട്ടില്ല. മാനേജരുടെ ആളുകൾ നൽകിയ സ്റ്റേറ്റ്മെൻറുകൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കുട്ടികളുടെ നോട്ട് ബുക്കിൽ ഒരു കേസിൽ തെറ്റായ ഉത്തരത്തിന് ശരിയെന്ന് രേഖപ്പെടുത്തി എന്ന് പറയുന്നു. അബദ്ധവശാൽ പറ്റിയ ഈ തെറ്റ് അധ്യാപകന്റെ പതിവ് രീതിയാണെന്ന് തെളിയുന്ന എത്ര രേഖകൾ പരിശോധിച്ചു എന്നോ എന്ത് വിവരം ലഭ്യമായി എന്നോ രേഖപ്പെടുത്തിയിട്ടില്ല. അബദ്ധവശാൽ തെറ്റുകൾ പറ്റുന്നത് മനുഷ്യ സഹജമാണ്. ഒരേ തെറ്റുകൾ പതിവായി ആവർത്തിക്കുന്നെന്ന് വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയെന്നോ ഒന്നാമത്തെ ആരോപണം സംശയലേശമെന്യേ തെളിഞ്ഞതായോ വിശദാന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല.

**ix)** ഞാൻ എന്റെ അക്കാദമിക ചുമതലകൾ കൃത്യമായി ചെയ്യുന്നില്ല എന്ന ആരോപണം രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് കണ്ടെത്തലുകൾ രേഖപ്പെടുത്തിയിട്ടില്ല. എന്നെ പ്രധാനാധ്യാപകൻ എത്ര തവണ നിയമപ്രകാരം സൂപ്പർവൈസ് ചെയ്തുവെന്നോ എന്താണ് എന്റെ ബോധനരീതിയിലെ അപാകത എന്നോ എന്താണ് കറക്ടിങ്ങ് മെത്തേഡ്സ് സ്വീകരിച്ചതെന്നോ തെളിവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് രേഖപ്പെടുത്തിയിട്ടില്ല. ശ്രീലക്ഷ്മി എന്ന കട്ടിയോട് തമാശ രൂപേണ നീ ഓടിപ്പോകരുതെന്ന് പറഞ്ഞ കാര്യം പറയേണ്ടതില്ലായിരുന്നു എന്ന് സമ്മതിക്കുന്നു. ആയതിനാൽ എനിക്കെതിരായി ചാർജ് ചെയ്ത ഒന്നാമത്തെ കുറ്റത്തിലെ കുട്ടികളോട് മോശമായി പെരുമാറി എന്ന ഭാഗം ഒരു കുട്ടിയോട് മാത്രം മോശമായി പെരുമാറി എന്ന് ഭാഗികമായി മാത്രം തെളിഞ്ഞു .

**x)** ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അന്വേഷണ റിപ്പോർട്ടിൽ മാനേജർ എനിക്കെതിരായി ചാർജ് ഷീറ്റ് നൽകിയ രണ്ടാമത്തെ കുറ്റം

തെളിഞ്ഞതായോ ഭാഗികമായി തെളിഞ്ഞതായോ അല്ലെങ്കിൽ തെളിഞ്ഞിട്ടില്ലെന്നോ രേഖപ്പെടുത്തിയിട്ടില്ല. പ്രധാനാധ്യാപിക, സ്റ്റാഫ് സെക്രട്ടറി, മാനേജർ എന്നിവർ നൽകിയ സ്റ്റേറ്റ്മെൻറുകളുടെ വായ്മൊഴികൾ, രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഞാൻ അതിക്രൂരമായിട്ടല്ലെങ്കിലും കുട്ടികളെ ശിക്ഷിക്കറുണ്ടെന്നും, എന്നാൽ കുട്ടികളുടെ ദേഹത്ത് മുറിവുകളോ പാടുകളോ ഉണ്ടായതായി ആരും സൂചിപ്പിച്ചിട്ടില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിരിക്കുന്നു..

**xi)** ഇതിന് അദ്ദേഹം ഏത് രേഖയാണ് തെളിവായി കണ്ടെത്തിയതെന്ന് പറഞ്ഞിട്ടില്ല. അപ്പോൾ ഒരു തെളിവും ലഭിച്ചിട്ടില്ലെങ്കിലും ഒരു ഓളത്തിൽ 'രേഖകൾ' എന്ന് പറഞ്ഞതാണെന്ന് വ്യക്തം. ഒരു കുട്ടിയെ ക്രൂരമായി വടികൊണ്ടോ മോതിരം കോണ്ടോ അടിച്ചാൽ ഇക്കാലത്ത് അത് പോലീസിലുൾപ്പെടെ പരാതിപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. അത്തരമൊരു പരാതിയും എനിക്കെതിരെ ഇതുവരെ ഉണ്ടായിട്ടില്ല. ലഘു ശിക്ഷ നൽകരുതെന്ന് സ്കൂളിൽ ഇൻസ്പെക്ട് ചെയ്യുന്ന ആഫീസർമാരോ പ്രധാനാധ്യാപകനോ പൊതുവായി ഇൻസ്ട്രെക്റ്റ് ചെയ്തിട്ടില്ല. മറ്റ് അധ്യാപകർ ലഘുശിക്ഷ നൽകാറുണ്ടോയെന്ന് ആരും അന്വേഷിച്ചിട്ടുമില്ല. എനിക്കെതിരായി ആരോപിച്ച ഞാൻ കുട്ടികളെ അതിക്രൂരമായി അടിക്കുന്നു എന്ന രണ്ടാമത്തെ കുറ്റം കെട്ടിച്ചമച്ചതാണ്.

**xii)** ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അന്വേഷണ റിപ്പോർട്ടിൽ എനിക്കെതിരായ മൂന്നാമത്തെ കുറ്റവും തെളിഞ്ഞതായോ ഭാഗികമായി തെളിഞ്ഞതായോ അല്ലെങ്കിൽ തെളിഞ്ഞിട്ടില്ലെന്നോ രേഖപ്പെടുത്തിയിട്ടില്ല. രണ്ടാമത്തെ ചാർജ് സംബന്ധിച്ച് രേഖപ്പെടുത്തിയ അതേ രീതിയിൽ തന്നെ പ്രധാനാധ്യാപിക, സ്റ്റാഫ് സെക്രട്ടറി, മാനേജർ എന്നിവർ നൽകിയ സ്റ്റേറ്റ്മെൻറുകളുടെ വായ്മൊഴികൾ, രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഞാൻ **27/09/2023**-ന് നടത്തിയ പി.ടി.എ. മീറ്റിങ്ങിൽ വികാരഭരിതനായി സംസാരിച്ചു എന്നും, കുട്ടികൾ ഇവിടെനിന്ന് ടി.സി.വാങ്ങി പോയാലും നിങ്ങൾ രക്ഷിതാക്കൾ ഇതിൻറെ പിന്നാലെ പോകേണ്ടി വരുമെന്ന് പറഞ്ഞതായും അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു എന്ന് പറഞ്ഞിരിക്കുന്നു.

**xiii)** തെറ്റായ ആരോപണങ്ങൾ ഒരു സദസ്സിൽ

ഉന്നയിക്കപ്പെടുമ്പോൾ ആരോപിക്കപ്പെട്ട വ്യക്തി വികാരാധീനനായി പോകുന്നത് സാധാരണമാണ്. തങ്ങളുടെ കുട്ടികൾ സ്കൂളിൽ പഠിക്കുന്നില്ലാത്ത വ്യക്തികൾ പോലും മാനേജരുടെ താൽപര്യമനുസരിച്ച് എനിക്കെതിരായി പറയുന്നത് ഉദ്ദേശിച്ചാണ് കുട്ടികൾ ടി.സി. വാങ്ങിപ്പോയാലും പലരും ഇത്തരം കാര്യങ്ങളുമായി പിന്നാലെ വരുമെന്ന് പറഞ്ഞത്. അത് കയർക്കലോ ആരെയെങ്കിലും അപമാനിക്കലോ അല്ല. **27/09/2023**-ന് നടത്തിയ പി.ടി.എ. മീറ്റിങ്ങിൻറെ മിനുട്ട്സ് അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധിച്ചതാണ് മൊഴി നൽകി എന്ന് പറയുന്ന വ്യക്തി പറഞ്ഞതായി ആ മിനുട്ട്സിൽ ഇല്ലാത്ത കാര്യം പിന്നീട് എങ്ങനെ ഉണ്ടായി എന്നോ അന്വേഷണ ഉദ്യോഗസ്ഥൻ അതെങ്ങനെ വിശ്വസിച്ചു എന്നോ വ്യക്തമല്ല.

**xiv)** ഏതെങ്കിലും പി.ടി.എ. അംഗം ഞാൻ മോശമായി പെരുമാറിയെന്ന് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് പരാതി നൽകിയിട്ടില്ല. എ.ഇ.ഒ. നടത്തിയ രണ്ട് ഹിയറിങ്ങ് സമയത്തും ഹാജരായത് എനിക്കെതിരായി നടപടിയെടുത്ത മാനേജരുടെ ആളുകൾ തന്നെയാണ്. അന്വേഷണ ഉദ്യോഗസ്ഥൻ കമ്മിറ്റിയിലെ മറ്റാരേയും **random sampling** രീതിയിൽ സെലക്ട് ചെയ്ത് ആരോപണം അന്വേഷിച്ച് രേഖപ്പെടുത്തിയിട്ടില്ല. മാനേജരുടെ പ്ലാൻ വിജയിക്കുന്ന രീതിയിൽ അന്വേഷണങ്ങൾ നടന്നു. എനിക്കെതിരായി കെട്ടിച്ചമച്ച മൂന്നാമത്തെ ചാർജും ഒരു തരത്തിലും തെളിയാത്ത അവസ്ഥയാണ് കുന്ദമംഗലം എ.ഇ.ഒ. യുടെ വിശദാന്വേഷണ റിപ്പോർട്ടിൽ നിന്നും വ്യക്തമാവന്നത്

**xv)** എന്നെ സസ്പെൻഡ് ചെയ്തിട്ട് ആറുമാസം പിന്നിട്ട് കഴിഞ്ഞപ്പോൾ **15** ദിവസത്തിൽ കൂടുതൽ സസ്പെൻഷനിൽ നിർത്താൻ അനുമതി നൽകിയ ഉദ്യോഗസ്ഥൻറെ തൊട്ട് മുകളിലുള്ള അധികാരി സസ്പെൻഷൻ റിവ്യൂ ചെയ്യണമെന്ന് **Rule-67(8)(9) of Chapter XIVA of KERs** പ്രകാരം നിയമം വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ നിയമപ്രകാരം റിവ്യൂ നടപടി സ്വീകരിക്കാനായി കുന്ദമംഗലം എ.ഇ.ഒ. റിപ്പോർട്ട് ചെയ്തില്ല.

**xvi)** ഇതിനിടെ മാനേജർ **02/03/2024**ലെ കാരണം കാണിക്കൽ നോട്ടീസ് പ്രകാരം എനിക്കെതിരായി കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം **XIVA A Rule-65((vi) ( "Removal from service which shall not be a disqualification for future employment"** എന്ന ശിക്ഷ

നടപ്പിലാക്കാനായി നോട്ടീസ് നൽകുകയുണ്ടായി. എനിക്കെതിരായി ചാർജ് ഷീറ്റ് ചെയ്ത കേസുകളിൽ ഒന്നുപോലും പൂർണ്ണമായി തെളിഞ്ഞിട്ടില്ലെങ്കിലും, തികച്ചും അമൂർത്തമായ കുറ്റങ്ങൾ ആരോപിച്ച് എനിക്കെതിരായി നോട്ടീസ് നൽകിയ കനത്ത ശിക്ഷാ നടപടി എത്രയും വേഗം നടപ്പാക്കി കിട്ടാനായി മാനേജർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ **W(P)C No. 12563/2024** നമ്പർ റിട്ട് ഹരജി സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിട്ട് ഹരജിയിൽ ബഹു. ഹൈക്കോടതി **17/07/2024**ന് പ്രസ്താവിച്ച വിധിയിൽ മാനേജരുടെ ശുപാർശയിൽ തീരുമാനമെടുക്കാനായി താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദേശം പറപ്പെടുവിക്കുകയും ചെയ്തു.

**xvii)** ബഹു.ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് മാനേജരുടെ അപേക്ഷയിൽ തീരുമാനമെടുക്കാനായി താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ആഫീസർ **11/09/2024**ന് ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട ശേഷം **26/10/2024**ലെ **A1/630/2024/DEO** ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ കുന്ദമമഗലം എ.ഇ.ഒ. സ്റ്റേറ്റ്മെൻറ് നൽകിയതായി പറഞ്ഞിട്ടുള്ളത് **2020**ൽ കോവിഡ് കാലത്ത് സ്കൂളടഞ്ഞു കിടന്ന സമയത്ത് ഞാൻ ഓൺലൈൻ ക്ലാസ്സുകളെടുത്തില്ല എന്ന് രക്ഷിതാക്കൾ **01/10/2020**ന് പരാതിപ്പെട്ടെന്ന കാര്യമാണ്. എനിക്ക് കോവിഡ് ബാധിച്ച് ചികിൽസയിലായിരുന്ന സമയത്ത് ഞാൻ കുറച്ച് ദിവസം ഓൺലൈൺ ക്ലാസ്സുകളെടുത്തില്ലെന്നത് വസ്തുതയാണ്. തുടർന്ന് എ.ഇ.ഒ. കൂടിക്കാഴ്ച നടത്തി വിക്ടേഴ്സ് ചാനലിൽ നിന്നും പാഠഭാഗങ്ങൾ ഡൌൺലോഡ് ചെയ്ത് കുട്ടികൾക്ക് നൽകാനായി ഉത്തരവ് നൽകിയിരുന്നു ഇക്കാര്യമാണ് എ.ഇ.ഒ. സ്റ്റേറ്റ്മെൻറ് നൽകിയിരിക്കുന്നത്.

**xviii)** എന്നാൽ **2023**ൽ എനിക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടിയിൽ **2020** കാലത്തെ ഓൺലൈൻ ക്ലാസ്സുകൾ സംബന്ധിച്ച ഒരു ആരോപണം ഉണ്ടാവുകയോ എനിക്ക് ചാർജ് ഷീറ്റ് നൽകുകയോ ഉണ്ടായിട്ടില്ല. എനിക്കെതിരായി മാനേജർ കെട്ടിച്ചമച്ചുണ്ടാക്കിയ പഴയ ആരോപണങ്ങളിൽ ഒരു കഴമ്പുമില്ല. മാനേജരെടുത്ത് അവസാനിച്ച പഴയ അച്ചടക്ക നടപടിക്കും പ്രസക്തിയുമില്ല. എനിക്ക് വിശദീകരിക്കാൻ അവസരം നൽകാതെ ചാർജ് ഷീറ്റിൽ ഒരു ചാർജും പുതുതായി ചേർക്കാനായി **Rule-75** നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ അനുവദിക്കുന്നില്ല. ആയതിനാൽ

ഡി.ഇ.ഒ.യുടെ ഉത്തരവിൽ കുന്ദമംഗലം എ.ഇ.ഒ നൽകിയെന്ന് പറയുന്ന സ്റ്റേറ്റ്മെൻറ് നിയമപ്രകാരം നിലനിൽക്കുന്നതല്ല.

xix) എനിക്കെതിരായി ചാർജ്ഷീറ്റ് നൽകിയ കുറ്റങ്ങൾ ഒന്നും തന്നെ തെളിഞ്ഞതായി അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല. കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം **XIVA**യിലെ **Rule-65((vi -viii)** പ്രകാരമുള്ള കനത്ത ശിക്ഷ ശുപാർശ ചെയ്യണമെങ്കിൽ അധ്യാപകന് എതിരായി ആരോപിച്ചിരിക്കുന്ന എല്ലാ കുറ്റങ്ങളും അസന്ദിഗ്ദമായി തെളിഞ്ഞിരിക്കണം എന്ന് മാത്രമല്ല തെളിഞ്ഞിരിക്കുന്ന കുറ്റങ്ങളുടെ ഗൗരവം **(gravity of charges proved)** കണക്കിലെടുത്താണ് അതിന് ഉത്തമമായി യോജിക്കുന്ന **(appropriate punishment)** ശിക്ഷ നടപ്പിലാക്കേണ്ടത്.

xx) ഈ സാഹചര്യത്തിൽ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ **26/10/2024**ലെ **A1/630/2024/DEO** ഉത്തരവ് പ്രകാരം മാനേജർ ശുപാർശ ചെയ്ത കനത്ത ശിക്ഷക്ക് മുൻകൂറനുമതി നിഷേധിക്കുകയും, എന്നെ എത്രയും വേഗം സർവീസിൽ പുനഃപ്രവേശിപ്പിക്കാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ മേൽസൂചനയിലെ ഉത്തരവ് മാനേജർ ഇതുവരെ നടപ്പിലാക്കിയില്ല. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവ്' ചോദ്യം ചെയ്ത് ബഹു. കേരള ഹൈക്കോടതി മുമ്പാകെ **W(P)C No.39061/2024** റിട്ട് ഹരജി ഫയൽ ചെയ്യുകയാണ് ഉണ്ടായത്. പ്രസ്തുത കേസിൽ മാനേജരുടെ റിവിഷൻ ഹരജിയിൽ ഉടനടി തീരുമാനമെടുക്കാനായി ഉത്തരവ് ഉണ്ടാവുകയും ചെയ്തു.

**xxi)** മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി യാതൊരു മെറിറ്റും ഇല്ലാത്തതാണ്. താഴെ പറയുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ അത് തള്ളിക്കളയണം.

- എൻറെ സസ്പെൻഷൻ സംബന്ധിച്ച് ആദ്യ ഘട്ടത്തിൽ തന്നെ നടക്കേണ്ട പ്രാഥമികാന്വേഷണം നടത്താതെ കുന്ദമംഗലം എ.ഇ.ഒ. ആഫീസിൽവെച്ച് ഒരു ഹിയറിങ്ങ് നടത്തി മാനേജരേയും അദ്ദേഹത്തിൻറെ ആളുകളേയും മാത്രം കേട്ട് നിയമപ്രകാരമുള്ള നടപടികളിൽ വീഴ്ച വരുത്തി. **Preliminary Enquiry** നടത്താതെ ഒരു ഹിയറിങ്ങ് നടത്തി വ്യക്തമായ **Procedure violation** നടത്തിയ എ.ഇ.ഒ. സസ്പെൻഷൻ **15** ദിവസത്തിൽ കൂടുതലുള്ള കാലത്തേക്ക് ദീർഘിപ്പിക്കാൻ അനുമതി നൽകിയ ഉത്തരവ് നിയമപ്രകാരം

നിലനിൽക്കുന്നതല്ല.

- എന്നെ സസ്പെൻഡ് ചെയ്ത് ആറുമാസക്കാലം പിന്നിട്ടിട്ടും **Rule-67(9) of Chapter XIVA of KERs** പ്രകാരമുള്ള സസ്പെൻഷൻ റിവ്യൂ നടത്താനായി കുന്ദമംഗലം എ.ഇ.ഒ. മേലധികാരിക്ക് റിപ്പോർട്ട് ചെയ്യാതെ വീണ്ടും **Procedure violation** നടത്തി നീതി നിഷേധിച്ചു.
- എൻറെ സസ്പെൻഷനെതിരായി ഞാൻ **Rule-79 of Chapter XIVA of KERs** പ്രകാരം താമരശ്ശേരി ഡി.ഇ.ഒ. മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹരജിയിൽ തീരുമാനമെടുക്കാതെ താമരശ്ശേരി ഡി.ഇ.ഒ.യും എനിക്ക് നീതി നിഷേധിച്ചു.
- മാനേജർ **2023**ൽ ചർജ്ജ് ഷീറ്റ് നൽകിയ **3** കുറ്റങ്ങളിൽ പെടാത്ത, **2020** വർഷം കോവിഡ് കാലത്ത് സ്കൂളടഞ്ഞു കിടന്ന കാലത്ത് ഞാൻ ഓൺലൈൻ ക്ലാസ്സുകളെടുത്തില്ലെന്ന് ഒരു രക്ഷിതാവ് **01/10/2020**ന് നൽകിയ പരാതിയും തുടർനടപടികളും, എനിക്കെതിരായി പിന്നീട് ആരംഭിച്ച് തെളിവില്ലാതെ അവസാനിപ്പിച്ച ഒരു അച്ചടക്ക നടപടിയുമാണ് കുന്ദമംഗലം എ.ഇ.ഒ.സ്റ്റേറ്റ്മെൻറ് നൽകിയത് എന്ന് താമരശ്ശേരി ഡി.ഇ.ഒ.യുടെ **26/10/2024**ലെ **A1/630/2024/DEO** ഉത്തരവ് വ്യക്തമാക്കുന്നു. **Rule-79 of Chapter XIVA of KERs** പ്രകാരം നിഷ്കർഷിച്ച കൃത്യമായ നടപടിക്രമങ്ങളുടെ കൃത്യമായ ലംഘനമാണ് എ.ഇ.ഒ.യുടെ ഭാഗത്ത് സംഭവിച്ചിരിക്കുന്നത്.
- എനിക്കെതിരായി ചാർജ് ചെയ്ത മൂന്ന് കുറ്റങ്ങളിൽ ഒന്നുപോലും അസന്ദിഗ്ദമായി തെളിഞ്ഞതായി അന്വേഷണ ഉദ്യോഗസ്ഥനായ കുന്ദമംഗലം എ.ഇ.ഒ. വിശദാന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. അപ്രകാരമുള്ള വിശദാന്വേഷണ റിപ്പോർട്ട് അടിസ്ഥാനമാക്കി മുൻകൂട്ടി നിശ്ചയിച്ച കനത്ത ശിക്ഷ നടപ്പിലാക്കാനാണ് അച്ചടക്ക അധികാരിയായ മാനേജർ ശ്രമിക്കുന്നത്. തെളിഞ്ഞുവെന്ന് ഊഹിക്കാവുന്ന ചാർജുകൾക്ക്പോലും ഒരുതരത്തിലും യോജിക്കുന്നതല്ല ( **not appropriate to the gravity of charges proved on formal enquiry)** നിർദ്ദേശിക്കപ്പെട്ട കനത്ത ശിക്ഷ , അത് എനിക്കെതിരായി അച്ചടക്ക നടപടി എടുക്കുമ്പോൾ തന്നെ മാനേജർ മുൻകുട്ടി നിശ്ചയിച്ച ഒരു ശിക്ഷാ ശുപാർശയാണ്.
- എൻറെ സസ്പെൻഷൻ അവസാനിപ്പിച്ച് സർവീസിൽ പുനഃ പ്രവേശിപ്പിക്കാനുള്ള താമരശ്ശേരി ഡി..ഇ.ഒ.യുടെ **26/10/20246 A1/630/2024/DEO** ഉത്തരവ് എന്നെ പുറത്താക്കാനായി മുൻകൂട്ടി

തീരുമാനിച്ച് ഉറപ്പിച്ച് നീങ്ങുന്ന മാനേജർ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. മാനേജരുടെ നടപടി **Rule-9 of Chapter III of KERs** പ്രകാരം നിഷ്കർഷിച്ച മാനേജരുടെ ചുമതലകളുടെ നഗ്നമായ ലംഘനമാണ്.

- **Rule-9 of Chapter III of KERs** പ്രകാരം നിഷ്കർഷിച്ച മാനേജരുടെ ചുമതലകൾ പ്രകാരം സർക്കാരിൻറേയും, ഡിപ്പാർട്ട്മെൻറിൻറേയും ഉത്തരവുകൾ നടപ്പിലാക്കാൻ മാനേജർ ബാദ്ധ്യസ്ഥനാണ്. ഇതിൽ വീഴ്ച വരുത്തുന്ന മാനേജരുടെ നടപടികൾ ഉണ്ടായാൽ അതേ അദ്ധ്യായത്തിലെ **Rule-7** പ്രകാരമുള്ള മനേജർക്കെതിരായ നടപടിക്ക് വിദ്യാഭ്യാസ ആഫീസർ ശുപാർശ ചെയ്യണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ ഈ കേസിൽ ഡിപ്പാർട്ട്മെൻറ് ഉത്തരവ് മാനേജർ ലംഘിച്ചിട്ടും, ഒരു നടപടിയും എടുത്തിട്ടില്ല.

**xxii)** മേൽസൂചിപ്പിച്ച സാഹചര്യങ്ങളിൽ മാനേജരുടെ റിവിഷൻ ഹരജി തള്ളിക്കളയണമെന്നും, എന്നെ എത്രയും വേഗം സേവനത്തിൽ തിരിച്ചെടുത്ത് ശിക്ഷാ നടപടി അവസാനിപ്പിക്കാനായി ഉത്തരവ് പുറപ്പെടുവിച്ച് നീതി ലഭ്യമാക്കണം.

5) കുന്നമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അഭിപ്രായം

**i)** ശ്രീ ഷാനവാസ് പി.ബി എന്ന അധ്യാപകൻ **01/08/2005** മുതൽ പിലാശ്ശേരി എ.യു.പി സ്കൂളിൽ യു.പി.എസ്.ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. **2008-09** വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം കട്ടികളുടെ കുറവ് കാരണം തസ്തിക നഷ്ടപ്പെട്ട് **15/07/2008** മുതൽ **12/07/2012** വരെ പുറത്തുനിന്നു. **Go(p) 199/11/Gedn** തിയ്യതി **01/10/2011** ഉത്തരവിൻ്റ അടിസ്ഥാനത്തിൽ ഡി.ഡി.ഇ യുടെ **12/07/2012** ലെ ബി**3/18432/2012** ഉത്തരവ് പ്രകാരം ശ്രീ ഷാനവാസ് പി.ബി യെ കുന്നമംഗലം ബി.ആർ.സി യിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർ ആയി നിയമിക്കുകയും തുടർന്ന് **13/07/2012** മുതൽ **20/11/2013** വരെയും, പിന്നീട് **21/11/2013** മുതൽ **28/05/2014** മാവൂർ ബി.ആർ.സി യിലും **29/05/2014** മുതൽ **24/06/2019** വരെ കുന്നമംഗലം ബി.ആർ.സി യിലും ക്ലസ്റ്റർ കോ-ഓർഡിനേറ്റർ ജോലി ചെയ്യുകയും ചെയ്തു. ഡി.ഡി.ഇ യുടെ **20/06/2019** ലെ ബി**4/10512/18(1)** ഉത്തരവ് പ്രകാരം ചെങ്ങോട്ടുകാവ് ഈസ്റ്റ് യു.പി സ്കൂളിൽ (സംരക്ഷിതാധ്യാപകർക്ക് വേണ്ടി മാറ്റിവെച്ച ഒഴിവിലേക്ക്) **25/06/2019** മുതൽ **10/10/2019** വരെ യു.പി.എസ്.ടി ആയി സേവനമനുഷ്ഠിച്ചു. തുടർന്ന്

ഡി.ഡി.ഇ യുടെ **24/09/2019** ലെ ബി4/**21005/2019** ഉത്തരവ് പ്രകാരം ശ്രീ ഷാനവാസ് പി.ബി യെ മാതൃ വിദ്യാലയത്തിലേക്ക് **11/10/2019** മുതൽ പുനർ വിന്യസിച്ചു ഉത്തരവായി.

**ii)** പിന്നീട് ശ്രീ ഷാനവാസ് പി.ബി ഓൺലൈൻ ക്ലാസുകൾ എടുക്കുന്നില്ല എന്ന രക്ഷിതാക്കളുടെ പരാതിയെ തുടർന്ന് **13/10/2020** ന് ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും ശ്രീ ഷാനവാസ് വിക്ടേഴ്സ് ചാനലിൽ വരുന്ന **5,6** ക്ലാസ്സുകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എല്ലാ ദിവസവും എടുത്തുകൊള്ളാമെന്ന് രേഖാമൂലം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാതി **21/10/20** ലെ സി/**4268/20** പ്രകാരം തീർപ്പാക്കുകയാണുണ്ടായത് .

**iii)** എന്നാൽ വീണ്ടും ശ്രീ ഷാനവാസ് പി.ബി കൃത്യമായി ഓൺലൈൻ ക്ലാസുകൾ എടുക്കുന്നില്ല എന്ന രക്ഷിതാക്കളുടെ പരാതിയെ തുടർന്ന് ടി അധ്യാപകനോട് പ്രധാനധ്യാപകൻ വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ശ്രീ ഷാനവാസ് പി.ബി വിശദീകരണം ആവശ്യപ്പെട്ട നോട്ടീസിനു മറുപടി നൽകിയില്ല. ശ്രീ ഷാനവാസ് പി.ബി മനഃപൂർവം വീഴ്ച വരുത്തുന്നു എന്ന രക്ഷിതാക്കളുടെ പരാതിയിന്മേൽ മാനേജർ ടിയാനെ **04/08/2021** ന് ഉടൻ പ്രാബല്യത്തിൽ കെ.ഇ.ആർ അധ്യായം **14A** യിലെ **67** ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. പരാതിയിൽ വിശദമായ അനേഷണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിൽ സസ്പെൻഷൻ കാലം **15** ദിവസത്തിൽ കൂടുതൽ ദീർഘിപ്പിക്കുന്നതിന് മാനേജർക്ക് അനുവാദം നൽകി ഉത്തരവായി . മാനേജർ ശ്രീ ഷാനവാസിന് കുറ്റാരോപണ പത്രവും കുറ്റപത്രവും നൽകുകയും ആയതിനുള്ള പ്രതിവാദപത്രം ശ്രീ. ഷാനവാസ് മാനേജർക്ക് സമർപ്പിക്കുകയും ചെയ്തു. ശ്രീ ഷാനവാസിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ഈ വിഷയത്തിൽ വിശദാന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കണമെന്ന് മാനേജർ **20/09/21** ലെ കത്ത് പ്രകാരം അറിയിച്ചു. തുടർന്ന് **02/12/2021** ന് എ.ഇ.ഓ ഓഫീസിൽ വെച്ച് ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

**iv)** ഹിയറിങ് വേളയിൽ ശ്രീ ഷാനവാസ് സമർപ്പിച്ച രേഖമൂലമുള്ള മാപ്പ് അപേക്ഷയും അധ്യയന കാര്യത്തിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാവില്ല എന്ന് ഉറപ്പും കൂടിക്കാഴ്ചയിൽ ബോധിപ്പിച്ചതിനാൽ ടിയാൻറെ ശിക്ഷ നടപടി അവസാനിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കാൻ മാനേജർക്ക് നിർദേശം നൽകി. തുടർന്ന് മാനേജരുടെ **01/01/2022** ലെ

ഡിഎ1/21 ഉത്തരവ് പ്രകാരം ശ്രീ ഷാനവാസ് പി.ബി യെ **03/01/22** ന് സ്കൂളിൽ തിരികെ പ്രവേശിപ്പിച്ചു.

**v)** ശ്രീ ഷാനവാസിനെതിരെ വീണ്ടും പരാതി ലഭിച്ചതിനാൽ മാനേജരുടെ **06/10/23** ഡിഎ1/23 നം. ഉത്തരവ് പ്രകാരം ശ്രീ. പി.ബി ഷാനവാസിനെ കെ. ഇ. ആർ അദ്ധ്യായം **14A 67, 67(8)** പട്ടങ്ങൾ പ്രകാരം **06/10/23** മുതൽ വീണ്ടും സസ്പെൻഡ് ചെയ്തു. സസ്പെന്ഷന് **15** ദിവസത്തിൽ കൂടുതൽ ദീർഘിപ്പിക്കുന്നതിന്ന് മാനേജരുടെ **08/10/23** തിയ്യതിലെ കത്ത് മുഖാന്തരം ആവശ്യപ്പെട്ടു. തുടർനടപടിയുടെ ഭാഗമായി **13/10/23** ന് ബന്ധപ്പെട്ടവരുമായി പിലാശ്ശേരി എ. യു.പി. സ്കൂൾ ഓഫീസിൽ വെച്ച് കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയിൽ രക്ഷിതാക്കൾ, സ്റ്റാഫ് സെക്രട്ടറി, ക്ലാസ് ലീഡർ, കുറ്റാരോപിതനായ ശ്രീ ഷാനവാസ്, പ്രധാനാദ്ധ്യാപിക, പി.ടി.എ പ്രസിഡൻറ് എന്നിവരുടെ മൊഴികളുടെ അടിസ്ഥാനത്തിൽ ശ്രീ ഷാനവാസ് പി. ബി ക്ലാസ്സിൽ റൂളർ ഉപയോഗിച്ച് വിദ്യാർത്ഥികളെ അടിക്കുന്നുണ്ടെന്നും കയ്യിലെ മോതിരം ഉപയോഗിച്ച് കട്ടികളുടെ തലയ്ക്ക് കുത്തുന്നുണ്ടെന്നും ബോർഡിൽ തെറ്റുകൾ എഴുതി കൊടുക്കാറുണ്ടെന്നും അത് അദ്ധ്യാപകൻ ശ്രദ്ധിക്കാറില്ല എന്നും ബോധ്യപ്പെട്ട സാഹചര്യത്തിൽ സസ്പെൻഷൻ കാലം **15** ദിവസത്തിൽ കൂടുതൽ കാലം ദീർഘിപ്പിക്കുന്നതിനുള്ള അനുമതി **(AEOKGM/1645/23-C)** മാനേജർക്ക് നൽകി.

**vi)** തുടർന്ന് **7/11/23** ലെ ഡി.എ1/23 പ്രകാരം മാനേജർ ശ്രീ ഷാനവാസിന് കുറ്റാരോപണ പത്രികയും കുറ്റപത്രവും നൽകി ആയതിന് ടിയാൻ നൽകിയ പ്രതിവാദ പത്രിക സ്വീകാര്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് **27/11/2023** ലെ കത്ത് മുഖേന മാനേജർ ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ **10/01/24** ന് ബന്ധപ്പെട്ട കക്ഷികളെ പങ്കെടുപ്പിച്ചു അനേഷണം നടത്തുകയും വിശദ അന്വേഷണ റിപ്പോർട്ട് **06/02/24** ലെ **AEOKMG/1645/23-** സി നമ്പർ പ്രകാരം മാനേജർക്ക് നൽകുകയും ചെയ്തു.

**vii) ) 02/03/24.** ലെ ഡി.എ1/23 ഉത്തരവ് പ്രകാരം 'ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ മുൻകൂർ അനുമതിക്ക് വിധേയമായി ഭാവി ജോലിക്ക് അയോഗ്യത ഇല്ലാത്ത തരത്തിൽ ശ്രീ. ഷാനവാസിനെ സേവനത്തിൽ നിന്ന് നീക്കം ചെയ്യുക' എന്ന ശിക്ഷ നടപ്പാക്കാൻ താത്കാലികമായി തീരുമാനിച്ച് മാനേജർ നോട്ടീസ് നൽകി. ഇതിനിടയിൽ ശ്രീ ഷാനവാസ് തന്റെ പേരിലുള്ള അച്ചടക്ക നടപടിക്കെതിരെ വിദ്യാഭ്യാസ ഉപഡയറക്ടർ

മുൻപാകെ പരാതി നൽകുകയും ആയതിന്മേൽ **13/03/24** ലെ ബി2/9204/23 പ്രകാരം താഴെ പറയും പ്രകാരം ഉത്തരവ് പുറപെടുപ്പിക്കുകയും ചെയ്തു.

"ശ്രീ. ഷാനവാസ് പി.ബി യുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായിട്ടുണ്ട്. എന്നാൽ സേവനത്തിൽ നിന്നും പിരിച്ചു വിടത്തക്കരീതിയിൽ ഉള്ള ഗുരുതരമായ കുറ്റമൊന്നും ടിയാന്റെ ഭാഗത്തു നിന്നും സംഭവിച്ചിട്ടില്ല എന്ന് കാണുന്നു. ആയതിനാൽ ശ്രീ ഷാനവാസ് പി. ബി ക്കെതിരെ അച്ചടക്ക നടപടി തുടർന്ന് കൊണ്ട് തന്നെ ടിയാനെ ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കാൻ മാനേജർക്ക് നിർദേശം നൽകികൊണ്ട് ഇതിനാൽ ഉത്തരാകുന്നു".

**viii)** മാനേജർ മേൽ ഉത്തരവിനെതിരെ ബഹു ഹൈക്കോടതിയിൽ **12563/24/**ഇ നമ്പർ ആയി റിട്ട് ഹർജി ഫയൽ ചെയ്യുകയും ആയതിന്മേൽ **26/03/24** ലെ ഇടക്കാല ഉത്തരവ് പ്രകാരം വിദ്യാഭ്യാസ  ഉപഡയറക്ടറുടെ ഉത്തരവ് സ്റ്റേ ചെയ്യുകയും ചെയ്തു. **17/07/24** ലെ അന്തിമ വിധി പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **13/03/24** ലെ ഉത്തരവ് റദ്ദ് ചെയ്യുകയും ശ്രീ ഷാനവാസ് പി.ബി യെ ഭാവി ജോലിക്ക് അയോഗ്യതയില്ലാത്ത തരത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്യാൻ അനുമതി നൽകണമെന്ന് മാനേജർ നൽകിയ അപേക്ഷയിന്മേൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ടതിനു ശേഷം തീരുമാനം കൈക്കൊള്ളാൻ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകുകയും ചെയ്തു .

**ix)** ഇതിന്റെ അടിസ്ഥാനത്തിൽ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ ഷാനവാസ് പി.ബി,മാനേജർ, പ്രധാനാദ്ധ്യാപിക, കുന്നമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരെ **11/09/2024** ന് നേരിൽ കേൾക്കുകയും **26/10/2024** ലെ എ1/**630/2024**/ഡി.ഇ.ഓ. നമ്പർ ഉത്തരവ് പ്രകാരം മാനേജരുടെ അപേക്ഷ നിരസിക്കുകയും ശ്രീ ഷാനവാസിനെ സേവനത്തിൽ നിന്നും ഇനിയും പുറത്തുനിർത്തുന്നത് ശരിയായ നടപടിയല്ലാത്തതിനാൽ എത്രയും വേഗം സേവനത്തിൽ തിരികെ പ്രവേശിപ്പിക്കാൻ മാനേജർക്ക് നിർദേശം നൽകി ഉത്തരവാവുകയും ചെയ്തു .

**x)** ഈ ഉത്തരവിനെതിരെ മാനേജർ ബഹു: ഹൈക്കോടതിയെ സമീപിക്കുകയും **WP(C) 39061/24** ഫയൽ ചെയ്യുകയും, ബഹു: ഹൈക്കോടതി ഇതിന്മേൽ **06/11/2024** ലെ വിധിന്യായ പ്രകാരം താമരശ്ശേരി ഡി.ഇ.ഓ യുടെ ഉത്തരവ് സ്റ്റേ ചെയ്യുകയും മാനേജർ സർക്കാരിന് സമർപ്പിച്ച റിവിഷൻ അപ്പീലിന്മേൽ തീരുമാനം കൈക്കൊള്ളാൻ

നിർദേശിച്ചുകൊണ്ട് ഉത്തരവാവുകയുമാണ് ചെയ്തിട്ടുള്ളത്. ശ്രീ ഷാനവാസ് പി.ബി യുടെ ഭാഗത്തുനിന്നും അധ്യാപകൻ എന്ന നിലയിലുള്ള ചുമതല നിറവേറ്റുന്നതിൽ ചില വീഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിലും സേവനത്തിൽ നിന്നും പിരിച്ചുവിടത്തക്ക ഗുരുതരമായ കുറ്റമൊന്നും ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും അഭിപ്രായപ്പെടുന്നു .

6. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അഭിപ്രായം

i) കുന്ദമംഗലം ഉപജില്ലയിലെ പിലാശ്ശേരി എ.യു.പി. സ്കൂളിലെ അദ്ധ്യാപകനായ ശ്രീ. ഷാനവാസ് പി.ബിയെ "ഭാവി ജോലിക്ക് അയോഗ്യതയില്ലാത്ത തരത്തിൽ സേവനത്തിൽ നിന്ന് നീക്കം ചെയുക എന്ന കഠിന ശിക്ഷ നടപ്പിലാക്കാൻ കെ.ഇ.ആർ അധ്യായം 14 എ. ചട്ടം 74 പ്രകാരമുള്ള മുൻകൂർ അനുമതി ആവശ്യപ്പെട്ടുകൊണ്ട് മാനേജർ അപേക്ഷ സമർപ്പിക്കുകയും, കൂടാതെ മാനേജർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയു ചെയ്തു.

ii) ബഹു. ഹൈക്കോടതിയുടെ 17/07/2024-ലെ ഉത്തരവിൽ സ്കൂൾ മാനേജരെയും ശ്രീ. ഷാനവാസ്.പി.ബിയെയും ബന്ധപ്പെട്ടവരെയും നേരിൽകേട്ടശേഷം തീരുമാനമെടുക്കുവാൻ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ബഹു ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിനും കെ.ഇ.ആർ അധ്യായം 14 എ ചട്ടം 74 പ്രകാരമുള്ള മുൻകൂർ അനുമതി അപേക്ഷ പരിശോധിക്കുന്നതിനുമായി മാനേജരെയും ബന്ധപ്പെട്ട കക്ഷികളെയും 11/09/2024 നേരിൽ കേൾക്കുകയും, താഴെ പറയുന്ന വസ്തുതകളും, നടപടിക്രമങ്ങളും സർക്കാർ ഉത്തരവുകളും പരിഗണിച്ച് "ഭാവി ജോലിക്ക് അയോഗ്യതയില്ലാത്ത തരത്തിൽ സേവനത്തിൽ നിന്ന് നീക്കം ചെയ്യുക" എന്ന കഠിന ശിക്ഷ നടപ്പിലാക്കാൻ മാനേജർ സമർപ്പിച്ച മുൻകൂർ അനുമതി അപേക്ഷ പരിഗണിക്കാൻ നിർവാഹമില്ലാത്തതിനാൽ നിരസിക്കുകയും എത്രയും വേഗം സേവനത്തിൽ തിരികെ പ്രവേശിപ്പിക്കാൻ മാനേജർക്കു നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

iii) ശ്രീ ഷാനവാസ് പി .ബി ക്കെതിരെ ആരോപിച്ച എല്ലാ കുറ്റാരോപണങ്ങളും കുറ്റപത്രത്തിൽ വിവരിച്ച രീതിയിൽ സുവ്യക്തമായി തെളിഞ്ഞതായി അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഭാവി ജോലിക്ക്

അയോഗ്യതയില്ലാത്ത തരത്തിൽ സേവനത്തിൽ നിന്ന് നീക്കം ചെയ്യുക "എന്ന കഠിന ശിക്ഷ ഇതിന് നൽകുന്നത് അമിതമായതും ആനുപാതികമല്ലാത്തതും 'ഡോക്ട്രിൻ ഓഫ് പ്രൊപ്പോഷണാലിറ്റി' എന്ന തത്വത്തിന് എതിരുമാണ്.

**iv)** അന്വേഷണ നടപടികളുടെ ഭാഗമായി, ശ്രീ ഷാനവാസിന്റെ സാന്നിധ്യത്തിൽ സാക്ഷിമൊഴികൾ രേഖപ്പെടുത്തുകയും അദ്ദേഹത്തിന് എതിർവിസ്താരത്തിന് അവസരം നൽകുകയും ചെയ്തു എന്ന് അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ, **2024** ജനുവരി **25**-ന് സ്കൂളിൽ പോയി കുട്ടികളുടെ മൊഴി രേഖപ്പെടുത്തിയത് ശ്രീ ഷാനവാസിന്റെ സാന്നിധ്യത്തിലായിരുന്നു എന്ന് സ്ഥാപിക്കുന്ന രേഖകളൊന്നും അന്വേഷണ രേഖകളിൽ ലഭ്യമല്ല. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടികൾ സ്വാഭാവിക നീതിയുടെ തത്വങ്ങൾ പൂർണമായി പാലിച്ചുകൊണ്ടാണ് നടത്തിയതെന്ന ഉറപ്പിക്കാൻ കഴിയില്ല.

**v.** അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെൻഡ് ചെയ്യപ്പെട്ട എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ സർവീസിൽ തിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പ് **2019** ജൂൺ **28**-ന് പുറത്തിറക്കിയ **J1/164/19/G.Edn** നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് ശ്രീ ഷാനവാസിനെ എത്രയും വേഗം സർവീസിൽ തിരിച്ചെടുക്കാൻ മാനേജർക്ക് നിർദ്ദേശം നൽകിയത്

7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം

i. ആവർത്തിച്ചുള്ള അച്ചടക്ക ലംഘനം നടത്തിയെന്ന് അച്ചടക്കാധികാരി ആയ മാനേജർക്ക് ബോധ്യമായതിനെത്തുടർന്നാണ് മാനേജർ **06/10/2023**ലെ ഉത്തരവ് പ്രകാരം ശ്രീ പി ബി ഷാനവാസിനെ വേലവിലക്ക് ഏർപ്പെടുത്തി ഉത്തരവാകുന്നത്. ഇത് പ്രാഥമിക അന്വേഷണത്തിൽ ബോധ്യമായതിനെ തുടർന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വേലവിലക്ക് നീട്ടി നിൽക്കുന്നതിനും അച്ചടക്കനടപടി തുടരുന്നതിനും അനുവാദം നൽകി.

ii. തുടർന്ന് നൽകിയ ചാർജ് മെമ്മോയിൽ ഗുരുതരമായ അച്ചടക്ക ലംഘനങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ചുമതലകൾ നിർവഹിക്കുന്നതിൽ വിമുഖത കാണിക്കുക, കുട്ടികളെ ഉപദ്രവിക്കുക, വിദ്യാർഥികളെ സ്കൂളിൽ നിന്നും ടിസി വാങ്ങുന്നതിന് പ്രേരിപ്പിക്കുക തുടങ്ങിയ മൂന്നു കാരണങ്ങളായിരുന്നു ആരോപിക്കപ്പെട്ട കുറ്റങ്ങളുടെ ചുരുക്കം

എന്നത്. പ്രസ്തുത കുറ്റങ്ങൾ നിഷേധിച്ചുകൊണ്ടാണ് ശ്രീ പി ബി ഷാനവാസ് മറുപടി നൽകിയത്.

iii. ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നടത്തിയ വിശദാന്വേഷണത്തിൽ മേൽ പരാമർശിച്ച മൂന്ന് കുറ്റങ്ങളും നിലനിൽക്കുന്നതാണ് എന്ന് കണ്ടെത്തിയിട്ടുണ്ട് തുടർന്നാണ് മാനേജർ ശ്രീ പി ബി ഷാനവാസിനെ “ഭാവി ജോലിക്ക് അയോഗ്യതയില്ലാത്ത തരത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുക" എന്ന ശിക്ഷ നൽകുന്നതിന് മുൻകൂർ അനുവദിക്കായി അപേക്ഷ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയത്.

iv. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർ മേൽ പരാമർശിച്ച ശിക്ഷ നടപ്പാക്കുന്നതിന് ഉത്തരവിനെതിരെ മുൻകൂർ അനുമതി നൽകിയില്ല. മാനേജർ സർക്കാരിൽ അപേക്ഷയിൽ പരാമർശിക്കുന്ന വിയോജിപ്പ് എന്തെന്നാൽ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർ ചട്ടപ്രകാരം തന്നിൽ നിക്ഷിപ്തമായ വിഷയങ്ങൾ അധികരിച്ച് നിയമപ്രാബല്യം ഇല്ലാത്ത വിധത്തിൽ തീരുമാനമെടുത്തു.എന്നതാണ്. ഇത് പരിശോധിച്ചാൽ ശിക്ഷണ നടപടി സംബന്ധിച്ച ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം മാനേജർ എടുത്ത കടുത്ത ശിക്ഷാ നടപടി തെളിയിക്കപ്പെട്ട കുറ്റത്തിന് ആനുപാതികമാണോ എന്നുമാത്രം പരിശോധിച്ച് തീരുമാനമെടുക്കുന്നതിനാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇവിടെ മാനേജർ നൽകിയ ശിക്ഷ നടപടിക്ക് മുൻകൂർ അനുമതി നിഷേധിച്ച ജില്ലാ വിദ്യാഭ്യാസ ഓഫീസർ കാരണമായി ചൂണ്ടിക്കാണിച്ചത് ശിക്ഷ ആനുപാതികം അല്ലാത്തതും അമിതമായതുമാണ് എന്നാണ്. ഇതിന് കാരണമായി കാണിച്ചിരിക്കുന്നത് ആരോപിതമായ മൂന്നു കുറ്റങ്ങളും തെളിഞ്ഞതായി കണ്ടെത്തിയിട്ടില്ല എന്നതാണ്. ഉത്തരവിലെ പരാമർശങ്ങളിൽ മറ്റൊന്ന് ക്രോസ് വിസ്താരം സാധുകരിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല എന്നതാണ്. കൂടാതെ ഇതേ ഉത്തരവിൽ വേല വിലക്ക് പിൻവലിച്ച് ശ്രീ ഷാനവാസ് പി ബി യെ സേവനത്തിൽ പുനപ്രവേശിപ്പിക്കുന്നതിനും നിർദ്ദേശം നൽകി എന്നതാണ്.

v. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ മേൽ സൂചിപ്പിച്ച നടപടികൾ അംഗീകരിക്കാവുന്നതായി കാണാനാകില്ല. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിലെ അപാകതകൾ ആരോപണ വിധേയൻ പോലും ഉന്നയിക്കാത്ത കാര്യങ്ങൾ ഉന്നയിച്ച് അച്ചടക്ക

നടപടിയെ ദുർബലപ്പെടുത്തുന്ന വിധത്തിൽ പരാമർശങ്ങൾ നടത്തുന്നത് ശരിയല്ല. ചട്ട പ്രകാരം അന്വേഷണം നടത്തി മാനേജർക്ക് നൽകിയ റിപ്പോർട്ടിന് അച്ചടക്കാധികാരിയായ മാനേജർ എടുത്ത സ്വതന്ത്ര തീരുമാനമാണ് ശിക്ഷ നടപടി എന്നത്. ആയതിന്റെ അന്തസത്ത ഉൾക്കൊണ്ട് തൻറെ അധികാരപരിധിയിൽ വരുന്ന ഒരു തീരുമാനമാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ എടുക്കേണ്ടത്. ഇത് സംബന്ധിക്കുന്ന രേഖപ്പെടുത്തലുകളും കണ്ടെത്തലും ആണ് നടപടി ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതും.

vi. ഈ വിഷയത്തിൽ ആരോപണ വിധേയന്റെ വേലവിലക്ക് സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തുന്നതും ചട്ടവിരുദ്ധമാണ് എന്ന് കാണാവുന്നതാണ്. **KER** ചാപ്റ്റർ **14 A** റൂൾ **74** പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിക്ഷിപ്തമായ ചുമതലകൾക്ക് അധികരിച്ചുള്ള പരാമർശങ്ങളാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ ഇത്തരം പരാമർശങ്ങൾ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിൽ ഉൾപ്പെട്ടത് നിയമപരമായി ശരിയല്ല എന്ന് വിലയിരുത്താവുന്നതാണ്.

vii. ശ്രീ ഷാനവാസ് പി ബി ക്കെതിരെ സ്വീകരിച്ച **KER** ചാപ്റ്റർ **XIV A 65 (5) (vi)** പ്രകാരമുള്ള ഭാവി ജോലിക്ക് യോഗ്യതയില്ലാത്ത തരത്തിൽ സേവനത്തിൽ നിന്ന് നീക്കം ചെയ്യുക എന്ന കഠിന ശിക്ഷ നടപടി കുറ്റത്തിന് ആനുപാതികമായ ശിക്ഷയല്ല എന്ന് തന്നെ കാണാവുന്നതാണ്. അതായത് മാനേജർ ചാർജ് മെമ്മോ പ്രകാരം നൽകിയ കുറ്റങ്ങൾ അന്വേഷണ ഉദ്യോഗസ്ഥൻ നിലനിൽക്കുന്നു എന്നാണ് കണ്ടെത്തിയിട്ടുള്ളത് എങ്കിലും ശ്രീ ഷാനവാസ് പി ബി യുടെ തൊഴിൽ തന്നെ ഇല്ലാതാക്കുന്ന വിധത്തിലുള്ള കഠിനമായ ശിക്ഷ സ്വാഭാവിക നീതിക്ക് തന്നെ എതിരാണെന്ന് കാണാവുന്നതാണ്. ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ ഒരു ശിക്ഷ നടപടി ടിയാനെതിരെ സ്വീകരിക്കുന്നത് ആദ്യമായിട്ടാണ് എന്ന് കാണാവുന്നതാണ്. സാഹചര്യങ്ങൾ മറ്റു റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചാലും ടിയാനെതിരെയുള്ള മേൽപരാമർശിത ശിക്ഷ നടപടി ആനുപാതികമല്ല എന്ന് കാണാവുന്നതാണ്.

viii. മാനേജർ തൻറെ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന മറ്റൊരു വിഷയം ശ്രീ ഷാനവാസ് പി ബി യെ സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തിയ ഉത്തരവ് അച്ചടക്കനടപടി പൂർത്തീകരിക്കുന്നത് വരെ പിൻവലിക്കാൻ ആകില്ല എന്നതാണ്. ഇത്

അംഗീകരിക്കാൻ കഴിയില്ല. കുറ്റാരോപിതനായ ജീവനക്കാരനെതിരെ അന്വേഷണ നടപടികൾ പൂർത്തീകരിച്ചാൽ പിന്നീട് സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തി മാറ്റി നിലനിർത്തുന്നത് നിയമപരമായി ശരിയല്ല ആയത് സ്വാഭാവിക നീതിക്കും എതിരാണ് എന്ന് തന്നെ കാണാവുന്നതാണ്. ഒരു ജീവനക്കാരന്റെ വേലവിലക്ക് ആറുമാസത്തിൽ അധികരിച്ച് നിലനിർത്തണമെങ്കിൽ ആയത് മേലധികാരി റിവ്യൂ ചെയ്യേണ്ടതുണ്ട് അതായത് ഇവിടെ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർ വേലവിലക്ക് റിവ്യൂ ചെയ്തു നൽകേണ്ടതാണ്. ജീവനക്കാരനെ കാരണം കൂടാതെ അനന്തമായി വേലവിലക്ക് ഏർപ്പെടുത്തി സേവനത്തിൽ നിന്നും മാറ്റി നടത്തുന്നത് . ചട്ടപ്രകാരം അനുവദനീയമല്ല. ആയതിനാൽ ഈ വിഷയത്തിന്മേൽ അടിയന്തര തീരുമാനം ഉടൻതന്നെ സ്വീകരിക്കേണ്ടതാണ് .

**8.** ലഭ്യമായ മൊഴികൾ, ബന്ധപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചുമതലകൾ നിർവഹിക്കുന്നതിൽ വിമുഖത കാണിക്കുക, കുട്ടികളെ ഉപദ്രവിക്കുക, വിദ്യാർഥികളെ സ്കൂളിൽ നിന്നും ടിസി വാങ്ങുന്നതിന് പ്രേരിപ്പിക്കുക, രക്ഷിതാക്കളോട് കയർത്ത് സംസാരിക്കുക തുടങ്ങിയ കുറ്റങ്ങളാണ് ശ്രീ. ഷാനവാസിനെതിരായി ആരോപിക്കപ്പെട്ടിരിക്കുന്നത്. ടിയാൻ നൽകിയിരിക്കുന്ന വിശദീകരണത്തിൽ നിന്നുതന്നെ പ്രസ്തുത കുറ്റങ്ങളിൽ പലതും തന്റെ ഭാഗത്തു നിന്നും ഉണ്ടായതായി അംഗീകരിക്കുന്നുണ്ട്. ആയതിന് ടിയാൻ നൽകിയിരിക്കുന്ന കാരണങ്ങൾ ദുർബ്ബലമാണെങ്കിലും ടിയാന്റെ തൊഴിൽ തന്നെ ഇല്ലാതാക്കുന്ന വിധത്തിലുള്ള കഠിനമായ ശിക്ഷ നൽകുന്നതിനു മുൻപായി ഒരു മാനുഷിക പരിഗണന നൽകി തന്റെ തെറ്റു തിരുത്തുന്നതിന് ടിയാന് ഒരു അവസരം കൂടി നൽകാവുന്നതാണെന്നു കാണുന്നു.

**9.**മേൽ സാഹചര്യത്തിൽ, ശ്രീ ഷാനവാസ് പി ബി-ക്ക് തന്റെ തെറ്റു തിരുത്തുവാനുള്ള അവസരം എന്ന നിലയിൽ " സേവനത്തിൽ നിന്നും നീക്കം ചെയ്യൽ' എന്ന ശിക്ഷയിൽ നിന്നും ഇളവ് നൽകി മറ്റ് ശിക്ഷകൾ എന്തെങ്കിലും നൽകുന്നതിനും ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് സേവനത്തിൽ പുനഃപ്രവേശിപ്പിക്കുന്നതിനും മാനേജർക്കു നിർദ്ദേശം നൽകിക്കൊണ്ടും ടിയാൻ സമാന വീഴ്ചകൾ ആവർത്തിക്കുന്ന പക്ഷം മാനേജർക്ക് വിട്ടുവീഴ്ചകൂടാതെ തന്നെ

കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നിഷ്കർഷിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**10.** കോഴിക്കോട് പിലാശ്ശേരി **AUP** സ്കൂൾ മാനേജർ ശ്രീമതി എം.സി ബീന ബഹു:ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)39061/2024** ലെ **06/11/2024** ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ANITHA RAJ V**

**#ApprovedByDesignation#**

ശ്രീമതി എം.സി ബീന, മാനേജർ , **AUP** സ്കൂൾ പിലാശ്ശേരി,കോഴിക്കോട്
ശ്രീ ഷാനവാസ് പി.ബി, യു.പി.എസ് ടി, (സസ്പെൻഷനിൽ) എ യു പി സ്കൂൾ പിലാശ്ശേരി
പൊതുവിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ താമരശ്ശേരി
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ , കുന്നമംഗലം
അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
അക്കൌണ്ടന്റ് ജനറൽ ഓഡിറ്റ് (എ & ഇ ) തിരുവനന്തപുരം
വെബ് കൈറ്റ്സ് /ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 02-06-2025 17:11:28

പകർപ്പ്
ബഹുമാനപെട്ട പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎക്ക്